# Malayala Manorama

## 19 August 2018

## Kakkanad, Flood, Flood Victims, Relief Camp

# ദുരിതാശ്വാസ ക്യാംപുകളിലേക്ക് പ്രവാഹം; ഇന്നലെ രാത്രി വരെ 1.81 ലക്ഷം പേർ

- എത്ര പേരെ ഇനി രക്ഷിക്കാനുണ്ടെന്ന കാര്യത്തിൽ കണക്കെടുക്കാൻ നിർവാഹമില്ലാത്ത സ്ഥിതി
- ക്യാംപുകൾ നിറഞ്ഞു കവിയുന്നു, പുതിയ ക്യാംപുകൾക്കായി കെട്ടിടങ്ങൾ സജ്ജം

കാക്കനാട് • ദുരിതബാധിതർ തല ചായ്ക്കാനിടം തേടി ദുരിതാശ്വാസ ക്യാംപുകളിലേക്കു പ്രവഹിക്കുന്നു. ദുരിതബാധിതരായ 1,81,607 പേരാണ് ജില്ലയിലെ 597 ദുരിതാശ്വാസ ക്യാംപുകളിലായി കഴിയുന്നത്. 47,138 കുടുംബങ്ങളിൽ നിന്നുള്ളവരാണിവർ. ഇന്നലെ മാത്രം നാൽപതിനായിരത്തോളം പേരെ ക്യാംപുകളിലേക്കു മാറ്റി. 54,800 പേരെ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചെന്നാണ് ഔദ്യോഗിക കണക്ക്. എത്ര പേരെ ഇനി രക്ഷിക്കാനുണ്ടെന്ന കാര്യത്തിൽ കണക്കെടുക്കാൻ നിർവാഹമില്ലാത്ത സ്ഥിതിയാണ്. കരയ്ക്കെത്തിക്കുന്നവരെയും ക്യാംപുകളിലേക്കാണു മാറ്റുന്നത്. പറവൂർ മേഖലയിലാണ് ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നത്. 171 ക്യാംപുകളിലായി 51,150 പേരാണ് ഇവിടെ കഴിയുന്നത്. ആലുവ മേഖലയിൽ 128 ക്യാംപുകളിലായി 32,000 പേരുണ്ട്. മറ്റു താലൂക്കുകളിലും ഒട്ടേറെ ക്യാംപുകൾ പ്രവർത്തിക്കുന്നുണ്ട്.

ഒറ്റപ്പെട്ട പ്രദേശങ്ങളിലെ വീടുകളിലും മറ്റു കെട്ടിടങ്ങളിലുമായി നൂറുകണക്കിനു പേർ ഇപ്പോഴും കുടുങ്ങിക്കിടപ്പുണ്ട്. ഇവരിൽ ഭൂരിഭാഗം പേർക്കും പുറം ലോകവുമായി ബന്ധപ്പെടാനാകുന്നില്ല. കുടുംബാംഗങ്ങളെ ബന്ധപ്പെടാനാകാത്ത ഉറ്റവർ ഇവർ വീടുകളിൽ കുടുങ്ങിക്കിടക്കുകയാണോ ദുരിതാശ്വാസ ക്യാംപുകളിലാണോ എന്നറിയാതെ ആശങ്കയിലാണ്. വെള്ളം കയറാൻ സാധ്യതയുള്ള മേഖലകളിൽ നിന്നൊഴിപ്പിക്കുന്നവരെയും ദുരിതാശ്വാസ ക്യാംപുകളിലാണെത്തിക്കുന്നത്. ഇവരിൽ ചിലർ പിന്നീടു സ്വന്തം നിലയിൽ താമസസ്ഥലം കണ്ടെത്തി പോകുന്നുണ്ട്. ഇന്നലെ അർധരാത്രിയോടെ ക്യാംപുകളുടെ എണ്ണം വീണ്ടും കൂടിയിട്ടുണ്ട്.

വെള്ളം കയറുന്ന പ്രദേശങ്ങളുടെയും ദുരിതബാധിതരുടെയും എണ്ണം കൂടുന്നതനുസരിച്ചാണ് ക്യാംപുകളുടെ എണ്ണവും കൂടുന്നത്. ക്യാംപുകളിലെ അന്തേവാസികളുടെ എണ്ണം കൂടുന്നതനുസരിച്ചു സൗകര്യക്കുറവിന്റെ പേരിൽ പരാതിയും ഉയരുന്നുണ്ട്. ഒട്ടേറെ ക്യാംപുകളിൽ വെള്ളം കയറിയതിനാൽ പുതിയ സ്ഥലങ്ങളിലേക്കു മാറ്റി. വെള്ളപ്പൊക്ക ദുരിതം കാര്യമായി ബാധിക്കാത്ത പ്രദേശങ്ങളിലാണ് ഇപ്പോൾ ക്യാംപുകൾ തുറക്കുന്നത്. ഫോണിലൂടെ എത്തുന്ന സഹായാഭ്യർഥന കണക്കാക്കിയാൽ തന്നെ കുടുങ്ങിക്കിടക്കുന്നവരുടെ എണ്ണം ആയിരക്കണക്കിനു വരും.